**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6576 08.11.2016 - ൽ മറുപടിയ്ക്ക്

## അനാഥാലയങ്ങളിലെ കുട്ടികൾക്ക് പഠനോപാധികൾ

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളിലെ കുട്ടികൾക്ക് പഠനോപാധികൾ ലഭ്യമാക്കാറുണ്ടോ; | (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി 10 ചിൽഡ്രൻസ് ഹോമുകളും 6 സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ഹോമുകളിലെ കുട്ടികൾക്ക് പഠനത്തിനാവശ്യമായ എല്ലാ സഹായങ്ങളും നൽകി വരുന്നു. ആയതിൽ പഠനോപകരണങ്ങളും ഉൾപ്പെടുന്നു. ഇതിനു പുറമേ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം അടക്കമുള്ള ചെലവുകൾക്കായി ഒരു കുട്ടിക്ക് പ്രതിമാസം 1000/-രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. |
| (ബി) | കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ കമ്പ്യൂട്ടർ ഇല്ലാത്ത എത്ര അനാഥാലയങ്ങൾ ഈ വകുപ്പിനു കീഴിലുണ്ട്; | (ബി) | പഠനാവശ്യങ്ങൾക്കായി കമ്പ്യൂട്ടർ ഇല്ലാത്ത 15 ചിൽഡ്രൻസ് ഹോമുകൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഉണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ കമ്പ്യൂട്ടർ ഇല്ലാത്ത സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ പറയുംപ്രകാരമാണ്. |

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 85 |
| 2 | കൊല്ലം | 45 |
| 3 | പത്തനംതിട്ട | 37 |
| 4 | ആലപ്പുഴ | 35 |
| 5 | കോട്ടയം | 94 |
| 6 | ഇടുക്കി | 54 |
| 7 | എറണാകുളം | 150 |
| 8 | തൃശ്ശൂർ | 120 |
| 9 | പാലക്കാട് | 84 |
| 10 | മലപ്പുറം | 100 |
| 11 | കോഴിക്കോട് | 60 |
| 12 | വയനാട് | 40 |
| 13 | കണ്ണൂർ | 70 |
| 14 | കാസർഗോഡ് | 34 |

| | | | |
|---|---|---|---|
| (സി) | ഇത്തരം അനാഥാലയങ്ങളിൽ കഴിയുന്ന കുട്ടികൾക്ക് പഠനോപകരണം എന്ന രീതിയിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലേയും സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും കുട്ടികൾക്ക പഠനത്തിനായി ആവശ്യാനുസരണം കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതാണ്. |

[illegible]